പറപ്പൂക്കര പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി കെട്ടിടം പണിയുന്നതിനുള്ള അപേക്ഷ

301 [619] ശ്രീ. ലോനപ്പൻ നമ്പാടൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിഞ്ഞാലക്കുട ബ്ലോക്കതിർത്തിയിലെ പറപ്പൂര പഞ്ചായത്തിൽ എൻ. ആർ. ഇ. പി.യിൽ ഒരു ആയുർവേദ ഡിസ്പെൻസറി കെട്ടിടം പണിയുന്നതിന് എന്നാണ് അപേക്ഷ കിട്ടിയത്;

(ബി) ഈ അപേക്ഷ അനുകൂലമായി പരിഗണിച്ച് കെട്ടിട നിർമ്മാണത്തിന് അനുവാദം നൽകുമോ?

ഉത്തരം

(എ) 11-8-1985 നാണ് കിട്ടിയത്.

(ബി) ഈ ആവശ്യം പരിഗണനയിലിരിക്കുകയാണ്.

തലശ്ശേരി ബ്ലോക്കിലെ കണ്ണിച്ചിറ—ടെമ്പിൾ ഗെയ്റ്റ് റോഡ്

302 [620] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്കിലെ കണ്ണിച്ചിറ ടെമ്പിൾ ഗെയ്റ്റ് റോഡ് ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഉൾപ്പെടുത്തി ടാർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) ഈ പ്രവൃത്തിയുടെ നോമിനി ആരാണ്;

(ഡി) എപ്പോഴാണ് നോമിനിയെ നിശ്ചയിച്ചത്;

(ഇ) ഈ റോഡിന്റെ പണി തുടങ്ങുന്നതിനുള്ള കാലതാമസത്തിന് എന്താണ് കാരണം;

(എഫ്) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും?

ഉത്തരം

(എ) ഉണ്ട്.

(ബി), (സി), (ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പണി പുരോഗമിക്കുന്നുണ്ട്.

(എഫ്) 1985 ഡിസംബർ 31 ന് മുൻപ് പൂർത്തിയാക്കണമെന്നാണ് ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly